പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *184 — 16.08.2017 ൽ മറുപടിക്ക്

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>,, ബി.സത്യൻ<br>,, എം. മുകേഷ്<br>,, എസ്.രാജേന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ഏറ്റവും വലിയ അഴിമതി ദേവസ്വം ബോർഡുകളിലാണെന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വ്യാപകമായ തോതിൽ ഉണ്ടെന്ന പറയപ്പെടുന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ; സ്ഥലം മാറ്റത്തിന് വ്യാപകമായ കോഴയിടപാട് നടക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാന ത്തിൽ പരിശോധന നടത്തുമോ; | (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികൾ സംബന്ധിച്ച് സംസ്ഥാന വിജിലൻസ് മുഖേനയും തിരുവിതാംകൂർ ദേവസ്വം ചീഫ് വിജിലൻസ് ഓഫീസർ മുഖേനയും അന്വേഷണം നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ശബരിമല കുത്തകലേലത്തിലെ ക്രമക്കേടുകളെക്കുറിച്ച് ജുഡീഷ്യൽ കമ്മീഷൻ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലെ പ്രധാന കണ്ടെത്തലുകൾ വെളിപ്പെടുത്താമോ; | (ബി) 2012 – 13 ൽ ശബരിമല കുത്തകലേലം സംബന്ധിച്ച് ഉണ്ടായ പരാതികൾ ശ്രീ. പി. പ്രേമചന്ദ്രൻ (റിട്ടയേർഡ് ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ്) അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കുത്തകയ്ക്ക് വരുന്നവർ ഒത്തുചേർന്ന് തുക കുട്ടി വിളിക്കാത്ത പ്രവണത ഉണ്ടായിരുന്നതായി റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ശുപാർശ പ്രകാരം തൊട്ടടുത്ത വർഷം മുതൽ ഇ- ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) ദേവസ്വം ബോർഡിലെ അഴിമതിയുടെയും ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നും എഴുനൂറ്റി എഴുപത്തിയാറ് കിലോ സ്വർണ്ണം കാണാതായെന്ന് അമിക്കസ് ക്യൂറി റിപ്പോർട്ട് ചെയ്യുന്ന വാർത്തയുടെയും അടിസ്ഥാനത്തിൽ പ്രധാന ക്ഷേത്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ? | (സി) ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല എന്നീ ക്ഷേത്രങ്ങൾക്കു പുറമേ ദേവസ്വം ബോർഡോ ക്ഷേത്രഭരണ സമിതികളോ ആവശ്യപ്പെടുന്ന ക്ഷേത്രങ്ങൾക്ക് സർക്കാർ മതിയായ സുരക്ഷാ സംവിധാനങ്ങൾ നൽകി വരാറുണ്ട്. അമിക്കസ് ക്യൂറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ